# പാഥേയം

ഫാ. വിൻസെൻറ്
ചെറുപറമ്പിൽ സി. എം. ഐ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

Fr. Kuriam Puthenpuraekal.

# പാഥേയം

ഫാ· വിൻസെൻറ്
ചെറുപറമ്പിൽ, സി. എം. ഐ

വിതരണം

ജനതാ ബുക്ക്സ്, തൊടുപുഴ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

**PADHEYAM**

(Paraliturgical Prayers for the Departed)

**Fr. Vincent Cheruparambil, C.M.I., M. A., M. Phil.**

First Published : October 1986

Copies : 4000

© By the Author

Printed at: Prathibha Training Centre
Thevara, Cochin-682013

Distribution: Janatha Books, Thodupuzha 685584

Price: Rs. 3

Courtesy: The Christian Musicological Society of India www.TheCMSIndia.in

# നന്ദിയോടെ

ഒരുവിടവു നികത്തുകയാണു ''പാഥേയ'ത്തിൻെറ ലക്ഷ്യം. മരണാവസരങ്ങളിൽ ഔദ്യോഗികപ്രാൎത്ഥനകഠം കഴിഞ്ഞു ബാക്കിയുള്ള സമയം എങ്ങനെ ഉപയോഗപ്രദമായി വിനിയോഗിക്കാമെന്ന വിചാരം ഒത്തിരിയിടങ്ങളിൽനിന്നു ഉയൎന്നുവന്നിട്ടുണ്ട്. പ്രസ്തുത ആവശ്യംനിറവേററുകയാണ് ഈ പ്രാൎത്ഥനാമഞ്ജരി.

ഇതിലെ ഗാനങ്ങഠം മുഖ്യമായും രചിച്ചതു് റവ. സി. ട്രീസാ അഗസ്റ്റിൻ, S. A. B. S. ആണ്. ഗദ്യവും പദ്യവും പരിശോധിച്ച നിൎദ്ദേശങ്ങളും തിരുത്തലുകളും തന്നതു് ഫാ. ചെറിയാൻ കുനിയന്തോടത്തു സി.എം.ഐ.. കൈയ്യെഴുത്തിനു തേവരയിലെ അഞ്ചു വൈദിക വിദ്യാൎത്ഥികഠം സഹായിച്ചു. എല്ലാവൎക്കും നന്ദിയുടെ വാടാമലരുകഠം.

ഫാ. വിൻസെൻറ് ചെറുപറമ്പിൽ,
സി. എം. ഐ.
27, സെപ്ററം. 1986

സേക്രഡ് ഹാൎട്ട് കോളേജ് — കൎമ്മലാശ്രമം
തേവര — വാഴക്കുളം

Courtesy: The Christian Musicological Society of India www.TheCMSIndia.in

# പാഥേയം

പേജ്

സന്നിധാനം 1

സായൂജ്യം 20

Nihil Obstat

Rev. Fr. Jacob Manathodath
Rev. Fr. Varghese Pudussery, C M I
Rev. Sr. Sosima Thakarappilly, S. A. B. S.

Imprimi Potest

Rev. Fr. Kuruvilla Aaron, C M I
Provincial, Kalamassery

Imprimatur

Mar Antony Padiyara
Abp. of Ernakulam.

Courtesy: The Christian Musicological Society of India www.TheCMSIndia.in

# സന്നിധാനം

പ്രധാനി: പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ

സമൂഹം: ആമ്മേൻ.

പ്രധാ: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂ: ആമ്മേൻ.

പ്രധാ: ഭൂമിയിൽ മനുഷ്യക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.

പ്രധാ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ. ഞങ്ങളോടു തെററു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

പ്രധാ: അനാദിമുതൽ ഞങ്ങളോടുള്ള സ്നേഹത്താൽ സ്വയം വെളിപ്പെടുത്തുകയും അങ്ങയുടെ ഏകജാതൻ വഴി സ്വർഗ്ഗരാജ്യം ഞങ്ങൾക്കു തുറന്നു തരികയും ചെയ്ത പരമകാരുണികനായ ദൈവമേ, അങ്ങയുടെ അനന്ത ജ്ഞാന

Courtesy: The Christian Musicological Society of India www.TheCMSIndia.in

ത്തെ ഞങ്ങൾ പാടിപ്പുകഴ്ത്തുന്നു. തേജോപൂർണ്ണമായ നിൻെറ ദർശനം പ്രതീക്ഷിച്ചുകൊണ്ടു ഈ ജീവിതത്തോടു യാത്ര പറഞ്ഞ ഞങ്ങളുടെ ഈ സഹോദരനു (സഹോദരിക്കു) വേണ്ടി നിത്യസൗഭാഗ്യത്തിൻെറ കവാടം നീ തുറക്കണമേ. നിൻെറ ദിവ്യാവിഷ്കരണത്തിൻെറ പ്രഭയാലും പൂർണ്ണിമയാലും ഞങ്ങൾ പ്രകാശിതരാകട്ടേ. പരിശുദ്ധ ചിന്തകളോടും നിർമ്മല മന:സാക്ഷിയോടുംകൂടെ ഈ സഹോദരനെ (സഹോദരിയെ) അങ്ങയുടെ പക്കലേയ്ക്കു യാത്രയാക്കുവാൻ ഞങ്ങളെ അനുവദിക്കണമേ. ജീവനും മരണവുമായി വ്യത്യാസമില്ലാത്തവനേ, അപരിമിതനായ നിന്നെ സ്വീകരിക്കുന്നതിനു ഞങ്ങളുടെ ഹൃദയങ്ങളെ പവിത്രമാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ** ആമ്മേൻ.

## പ്രകീർത്തനം

(രണ്ടുഗണമായി)

നിരുപാധികമായ സ്നേഹത്താൽ അങ്ങെന്നെ സ്നേഹിച്ചു.
എല്ലാ നിമിഷവും ഞാനങ്ങയോടുകൂടിയായിരിക്കട്ടെ.

അങ്ങയെ സ്വന്തമാക്കുവാൻ കഴിയുന്ന ഭാഗ്യദിനം
ദൈവമേ, ഞാൻ പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

എൻേറതായി ഒന്നും അവശേഷിക്കാതെ
പൂർണ്ണമായി അങ്ങെന്നെ സ്വീകരിച്ചാലും.

അങ്ങുതന്ന ജീവിതത്തിലെന്നപോലെ,
അനവദ്യമായ മരണത്തിലും എന്നെ പങ്കുചേർക്കണമേ.

എൻെറ ആഗ്രഹം അങ്ങേയ്ക്കു കൈവിടുന്നു,
ഞാൻ അങ്ങയെ മാത്രം കാംഷിക്കട്ടേ.

എൻെറ മനസ്സിനെ അങ്ങേയ്ക്കു ഞാനർപ്പിക്കുന്നു:
എൻെറ സ്വാതന്ത്ര്യം അങ്ങയെ തേടുന്നതിലാകട്ടേ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

എന്നെത്തന്നെ പൂർണ്ണമായി അങ്ങേയ്ക്കർപ്പിക്കുന്നു
എന്റെ ത്രികാലങ്ങളും അങ്ങയുടെ കരങ്ങളിൽ
ഭരമേല്പിക്കുന്നു.

സമ്പൂർണ്ണ സമർപ്പണത്തിനു ഞാൻ ശക്തനല്ല.
എന്റെ ജീവിതവും ചിന്തകളും കൈക്കൊണ്ടാലും.
അങ്ങയുടെ വേദനയുടെ മൂർഛയിലെന്നപോലെ
അവാച്യമായ ആനന്ദത്തിലും എന്നെ ആമഗ്നനാക്കണമേ.

അങ്ങേയ്ക്കു ഞാൻ നൽകിയ എളിയ ഉപഹാരം
ഞാൻ ഒരിക്കലും തിരിച്ചെടുക്കാതിരിക്കട്ടെ.
അങ്ങയുടെ തിരുബലിയിൽ ദരിദ്രനായ എന്നെയും
സജീവ ബലിവസ്തുവായി പങ്കുചേർക്കണമേ.

അങ്ങുതന്നെ എന്നെ സ്വന്തമാക്കിയാലും,
എന്റെ ചേതനയും ചെയ്തികളും സ്വീകരിച്ചാലും.
അങ്ങേ ഹിതാനുസാരം ഉപയോഗിക്കത്തക്കവിധം
ഈ സമർപ്പണം അചഞ്ചലവും നിത്യവുമായിരിക്കട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**പ്രധാ:** സൃഷ്ടിയാകുന്ന ആദിമയജ്ഞംവഴി അങ്ങയുടെ ജീവനിൽ അനർഹരായ ഞങ്ങളെ പങ്കുകാരാക്കിയ പരംപൊരുളേ, അങ്ങയുടെ ദിവ്യപ്രസാദമാകുന്ന പാവനതീർത്ഥം ഈ സഹോദരന്റെ (സഹോദരിയുടെ) മേൽ തളിക്കണമേ. അനവദ്യമായ ഈ ദാനത്തിനാണല്ലോ വിശിഷ്ടമായ അവകാശം ഞങ്ങൾക്കു ലഭിച്ചിരിക്കുന്നത്. അങ്ങയെ ആബാ, പിതാവേ, എന്നു വിളിച്ചുകൊണ്ടു ഞങ്ങളുടെ അന്തരംഗം ആനന്ദിക്കുകയും, ഹൃദയം സന്തോഷിക്കുകയും ചെയ്യുന്നു. അരൂപനായ നിന്നെ ആവാഹിക്കുന്നതിനും, അനന്ത സാത്വികനായ നിന്നെ സ്വീകരിക്കുന്നതിനും അതുല്യമായ പൂർണ്ണത ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. ജീവനും മരണവും ഒരുപോലെ കാണുന്നവനേ, പിതാവും പുത്രനും ........

**സമൂ:** ആമ്മേൻ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

# സ്നേഹഗാഥ

(രണ്ടുഗണമായി)

പാപമാകുന്ന അജ്ഞാനാന്ധകാരത്തെ
ശിഷ്ടന്മാർ എപ്പോഴും ഭയപ്പെടുന്നു.

ഈ ലോകത്തിൽ സ്നേഹശീലമുള്ളവന്
പരലോകത്തിൽ ദൈവികമായ സുഖം ലഭിക്കും.

പാപമാണു ദുഃഖത്തിനു മൂലകാരണം
അതിനെ എരിതീയേക്കാൾ നീ ഭയപ്പെടുക.

ജീവനും സ്നേഹത്തിനും ഗാഢമായ ബന്ധമുണ്ട്.
സ്നേഹത്തിൽനിന്നും ജീവിതാശ ഉരുത്തിരിയുന്നു.

ഉപദ്രവിച്ചവനെ ദ്രോഹിക്കാത്തത്,
പരമവും മഹത്തുമായ വിജ്ഞാനമാകുന്നു.

സ്നേഹം ധമ്മത്തെ നിലനിത്തുന്നു
അധമ്മിയും സ്നേഹവഷത്തിൽ തളരുന്നു.

ഉപകാരം എത്ര ലഘുവായിരുന്നാലും
സുജനങ്ങൾ ഗുരുവായി പരിഗണിക്കുന്നു.

പ്രതികാരം ദുർജ്ജന ലക്ഷണമാണ്
ക്ഷമിക്കുക സജ്ജന സ്വഭാവവും.

അന്യനോടു ചെയ്യുന്ന അപരാധം
അപരാധിയെത്തന്നെ ബാധിക്കുന്നു.

സ്നേഹശീലന്മാരുടെ കണ്ണീർത്തുള്ളികൾ
ഹൃദയസ്നേഹത്തിൻെറ അടയാളമാകുന്നു.

ഒരിക്കൽ സഹായിച്ചവൻ തിന്മ ചെയ്താലും
ആദ്യത്തെ നന്മയിൽ അതു മാഞ്ഞുപോകും.

ദ്വേഷം തിന്മയാണെന്നു ചിന്തിക്കാത്തവന്
ധമ്മംതന്നെ മഹാ ദോഷം ചെയ്യും.

പോകുന്നിടത്തെല്ലാം ചെല്ലുന്ന നിഴൽപോലെ
പാപകർമ്മം തൽകർത്താവിനെ അനുഗമിക്കും.

Courtesy: The Christian Musicological Society of India www.TheCMSIndia.in

സ്നേഹമേശാത്തവൻെറ പാഴ്ജീവിതം
വരണ്ട കമ്പുപോലെ അർത്ഥശൂന്യമത്രേ.

തന്നോടുതന്നെ സ്നേഹമുണ്ടെങ്കിൽ
എത്ര നിസ്സാര ദോഷവും ചെയ്യരുത്.

പാപസരണി വിട്ടു നടക്കുന്നവന്
കളങ്കമില്ലാത്ത മനസ്സുണ്ടായിരിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേക്കും ആമ്മേൻ.

## സമർപ്പണഗാനം

(ഉലകിൻനാഥാ .... ....)

താതൻ തൻ തിരുദർശനമൊന്നിൽ
മുഴുകിയിരുന്നൊരു സ്നേഹസ്വരൂപാ.

അർപ്പിക്കുന്നെന്നാത്മത്തെ ഞാൻ
നിൻ പാണികളിൽ തിരുമുൽക്കാഴ്ച

കഠിനതയേറും മരുഭൂതന്നുടെ
ഏകാന്തതയിൽ മരുവുന്നേരം

സ്നേഹപിതാവിൻ വേലയിലനിശം
നിൻ നിരുചിത്തം മുഴുകിയിരുന്നു.

ജീവിതമാരണ സന്ധിയിലെല്ലാം
ദൈവഹിതത്തെ നിറവേററി നീ

പൈതൃകമാം പരിപാലനമെന്നും
ദർശിച്ചു നീ മാനവനിരയിൽ

സൃഷ്ടിയിലെങ്ങും മിന്നിവിളങ്ങി
സ്നേഹത്തിൻ പരിശോഭാകിരണം

ആശ്രയമഖിലവുമർപ്പിച്ചു ഞാൻ
സ്വർഗ്ഗപിതാവിൻ കരവലയത്തിൽ

സുതനുടെ ഓഹരിയേകിയെനിക്കും
രക്ഷയുമാശ്ശിസ്സുമരുളീടണമേ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

ചിന്തകരം വാക്കുകരം കർമ്മമതെല്ലാം
താതനു നിത്യം പ്രീതിവരുത്താൻ

തവസാന്നിദ്ധ്യം നന്മയുമൊപ്പം
ദർശിക്കട്ടേ എൻ നയനങ്ങരം

നിർമ്മലമായൊരു ശിശുവിൻഹൃദയം
നിർമ്മിക്കണമേയെന്നിൽ നാഥാ.

ആശകളഖിലം കാമ്യയണക്കാം
സായൂജ്യം ഞാൻ പ്രാപിക്കട്ടെ.

താതനുമതുപോൽ പുത്രനുമേവം
റൂഹായ്ക്കും സ്തുതി നല്കീടുന്നു.

## നടപടി പുസ്തകത്തിൽനിന്നുള്ളവായന:

(നടപ. 2:24–33)

മരണശക്തികരംക്കു് അവിടുന്നു് അധീനനാവുക എന്നതു് അസാധ്യമായിരുന്നതിനാൽ, മരണത്തിൻെറ യാതനകളിൽനിന്നു ദൈവം അവിടുത്തെ വിമുക്തനാക്കി, അവിടുത്തേക്കു പുനരുത്ഥാനം നല്കി. എന്തെന്നാൽ ദാവീദ് അവിടുത്തെക്കുറിച്ചു പറയുന്നു: ''കർത്താവിനെ ഞാൻ എല്ലാസമയവും എൻെറ മുമ്പിൽ ദർശിച്ചിരുന്നു. ഞാൻ ചഞ്ചലചിത്തനാകാതിരിക്കുവാൻ അവിടുന്നു് എൻെറ വലത്തുഭാഗത്തുണ്ടു്. ആകയാൽ, എൻെറ ഹൃദയം ആഹ്ലാദിച്ചു; എൻെറ നാവു് ആർപ്പുവിളിച്ചു. പോരാ, എൻെറ ജഡംപോലും പ്രത്യാശയിൽ നിവസിക്കും. എന്തെന്നാൽ, അങ്ങു് എൻെറ ആത്മാവിനെ പാതാളത്തിൽ ഉപേക്ഷിക്കുകയില്ല; അങ്ങയുടെ പരിശുദ്ധൻ അഴുകിപ്പോകുവാൻ അനുവദിക്കുകയുമില്ല, ജീവൻെറ വഴികരം അങ്ങു് എനിക്കു പറഞ്ഞുതന്നു. അങ്ങയുടെ സാന്നിധ്യത്താൽ അങ്ങു് എന്നെ ആഹ്ലാദഭരിതനാക്കും''

സഹോദരരേ, ഗോത്രപിതാവായ ദാവീദിനെക്കുറിച്ചു് നിങ്ങളോടു ഞാൻ തെളിവായി പറഞ്ഞുകൊള്ളട്ടെ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

തൻെറ സന്തതികളിൽ ഒരാൾ തൻെറ സിംഹാസനത്തിൽ ഇരിക്കമെന്ന ദൈവം തന്നോടുചെയ്ത പ്രതിജ്ഞയെപ്പററി അദ്ദേഹം ബോധവാനായിരുന്നു. അതുകൊണ്ടു് അവിടു ന്ന പാതാളത്തിൽ ഉപേക്ഷിക്കപ്പെടുകയോ അവിടുത്തെ ശരീരം അഴുകിപ്പോകുകയോ ഇല്ലെന്ന മിശിഹായുടെ പുന രുത്ഥാനത്തെക്കുറിച്ചു് അദ്ദേഹം ദീർഘദർശനം ചെയ്തു. ഈ ഈശോയെ ദൈവം ഉയിർപ്പിച്ചു. ഇതിനു ഞങ്ങളെല്ലാവ രും സാക്ഷികളാണു്. പരിശുദ്ധാത്മാവാകുന്ന വാഗ്ദാനം പിതാവിൽനിന്നു സ്വീകരിച്ചുകൊണ്ടാണു് നിങ്ങൾ കാ ണുകയും കേൾക്കുകയും ചെയ്യുന്ന ഈ ദാനങ്ങൾ അവിടുന്നു വർഷിച്ചതു്.

സ മൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## പ്രബോധനം

(രണ്ടുഗണമായി)

അസ്ഥിരങ്ങളെ നിത്യങ്ങളെന്നു കരുതുന്ന
അല്പജ്ഞാനം ലോകത്തിൽ നിന്ദ്യമാകുന്നു.

ആശയെ ജയിച്ചവനു ദുഃഖമില്ല
ആശയാൽ മേല്ക്കുമേൽ ക്ലേശമുണ്ടാകും.

മോക്ഷവും സൗഭാഗ്യവും നൽകുന്നതിനു്
ധർമ്മത്തിനു മീതെയായി ഒന്നുമില്ല.

ധർമ്മാനുസാരിയായ സുഖമാണു് സത്യസുഖം
മററെല്ലാം സുഖരൂപത്തിലുള്ള ദുഃഖമാണു്

ഐശ്വര്യ ലാഭത്താൽ അഹങ്കരിക്കരുതു്
ധർമ്മിഷ്ഠനു ജീവൻ വഴിതുറക്കും.

ദുഃഖകാലത്തു സഹായിച്ചവരുടെ സ്നേഹത്തെ
ധാർമ്മികന്മാർ നിരന്തരം അനുസ്മരിക്കും.

ധർമ്മത്തെ സ്വീകരിക്കുക ശ്രേഷ്ഠമായ അഭ്യുദയവും
ത്യജിക്കുക വലിയ അധഃപതനവുമത്രേ.

Courtesy: The Christian Musicological Society of India www.TheCMSIndia.in

ഇന്നലെയുള്ളവർ ഇന്നില്ലെന്നതാണ്
ഈ ലോകത്തിന്റെ നിയമം തന്നെ.

ആട്ടം കഴിഞ്ഞാൽ ആരംക്കൂട്ടം പിരിയുംപോലെ
ഐശ്വര്യം താമസംവിനാ അസ്തമിക്കും.

ഉപകാരം ഒരിക്കലും മറക്കരുത്
അപകാരം അന്നുതന്നെ വിസ്മരിക്കുക.

ഭൂരിഭാഗം ജനങ്ങളും അലയുന്നതു
ക്ഷണിക സുഖങ്ങൾ തേടിയാണല്ലോ.

പരമാനന്ദമാർഗ്ഗം ലക്ഷ്യമാക്കുന്നവൻ
ജീവിതമൂല്യങ്ങൾ വിസ്മരിക്കരുതു്.

അസൂയ, ദുരാശ, കോപം, കഠിനവാക്കു്
ഇവ നാലും സജ്ജനങ്ങൾ ഉപേക്ഷിക്കുന്നു.

അനാസക്തിപോലെ ഉൽകൃഷ്ടമായ ഐശ്വര്യം
ഭൂമിയിലും സ്വർഗ്ഗത്തിലും ഇല്ലതന്നെ.

നീട്ടിവയ്ക്കാതെ നീതി ചെയ്താൽ
അതു നമ്മെ എക്കാലവും കാത്തുകൊള്ളും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

പ്രധാ: സ്നേഹവാരിധിയായ സർവ്വേശ്വരാ, ഞങ്ങളുടെ ജീവിതതാലം അങ്ങേയ്ക്കു സന്തർപ്പണം ചെയ്യുന്നു. കൊടുക്കുന്തോറും ഏറിവരുന്ന സ്നേഹംകൊണ്ടു് അതിനെ നിറച്ചാലും. യാതൊരു തരത്തിലുള്ള ദ്വേഷവും ദോഷവും അതിനെ മലിനമാക്കാതിരിക്കട്ടെ. ഈ സഹോദരന്റെ (സഹോദരിയുടെ) ജീവിത കുസുമം വാടാതെ അങ്ങയുടെ കരസ്പർശംകൊണ്ടു് അതിനെ സുരഭിലമാക്കിയാലും. അങ്ങയുടെ പാദപൂജയ്ക്കായി ഞങ്ങൾ ഇതു സ്നേഹപുഷ്പം സമർപ്പിക്കുന്നു. നിത്യ പരിമളവാഹിയായി അതു പരിലസിക്കട്ടെ. സ്വച്ഛവും നിർമ്മലവുമായി വിരാജിക്കട്ടെ. ജീവനും മരണവും സമമായി ദർശിക്കുന്നവനേ, പിതാവും പുത്രനും..............

സമൂ: ആമ്മേൻ.

Courtesy: The Christian Musicological Society of India www.TheCMSIndia.in